# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1141 31.10.2019 ൽ മറുപടിക്ക്**

## പാലാരിവട്ടം മേൽപ്പാലം അഴിമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.വി.വിജയദാസ് | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | പാലാരിവട്ടം മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് അന്നത്തെ യു.ഡി.എഫ് സർക്കാരും ബന്ധപ്പെട്ട മന്ത്രിയും ക്രമവിരുദ്ധമായി നടത്തിയിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ; | എ) | ഇത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിച്ചു വരുന്നു. മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ കേസ് നമ്പർ 1/2019 ആയി FIR ഫയൽ ചെയ്തു അന്വേഷണം പുരോഗമിക്കുകയാണ്. |
| ബി) | എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ഇതിനായി അന്നത്തെ സർക്കാർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | ബി)<br>സി)<br>&<br>ഡി) | 22.02.2014 ലെ സർക്കാർ ഉത്തരവ് (എം എസ്)നം. 18/2014/പൊ.മ.വ പ്രകാരം 72.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതിയിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. 15.07.2014-ലെസർക്കാർ ഉത്തരവ് (എം.എസ്) നം. 57/2014/പൊ.മ.വ പ്രകാരം 8,25,59,768/- രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതിന് ഉത്തരവായിരുന്നു. ഇത് കരാർ തുകയായ 41,27,98,842/- ന്റെ 20% ആണ്. ഇത് മുഴുവനായും അനുവദിച്ചിരുന്നു. |
| സി) | ഇതിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതിന് വ്യവസ്ഥ ഉണ്ടായിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ; | | |
| ഡി) | ഇതിൽ എത്ര ശതമാനം തുകയാണ് മൊബിലൈസേഷൻ അഡ്വാൻസെന്നും അതിൽ എത്ര ശതമാനമാണ് നൽകിയതെന്നും ഇത് എത്ര കോടി രൂപ വരുമെന്നുമുള്ള വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ